"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ (പ്രൊവിഡന്റ് ഫണ്ട്) വകുപ്പ് -കേരള സംസ്ഥാന സർക്കാർ ജനറൽ പ്രൊവിഡന്റ് ഫണ്ട്, മറ്റു സമാന പ്രൊവിഡന്റ് ഫണ്ടുകൾ - നിക്ഷേപ തുകയ്ക്ക് 2025 ഒക്ടോബർ **1** മുതൽ 2025 ഡിസംബർ **31** വരെയുള്ള പലിശ നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പ്രൊവിഡന്റ് ഫണ്ട്) വകുപ്പ്**

സ.ഉ.(അച്ചടി) നം. 126/2025/FIN    തീയതി,തിരുവനന്തപുരം, 22-10-2025

പരാമർശം:- 1. ജി.ഒ (പി) നമ്പർ 94/2012 ധന. തീയതി 7-2-2012

2. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 10-10-2025 തീയതിയിലെ എഫ്.നം. 5(3)-ബി (പി.ഡി)/2023 നമ്പർ പ്രമേയം ഉത്തരവ്.

**ഉത്തരവ്**

2011-ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) റൂൾ 13(1) പ്രകാരം സംസ്ഥാന സർക്കാർ നിയന്ത്രിക്കുന്ന എല്ലാ പ്രൊവിഡന്റ് ഫണ്ടുകൾക്കും, കേന്ദ്ര സർക്കാർ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേന്ദ്ര സർവ്വീസുകൾക്ക്) അതത് സമയങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്കാണ് ബാധകമാക്കിയിട്ടുള്ളത്. പരാമർശം 2 പ്രകാരം 2025 ഒക്ടോബർ **1** മുതൽ 2025 ഡിസംബർ **31** വരെയുള്ള കാലയളവിലേക്ക് ജനറൽ പ്രൊവിഡന്റ് ഫണ്ടിലും (കേന്ദ്ര സർവ്വീസ്), മറ്റ് സമാന ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 7.1% പലിശനിരക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നേരിട്ടു നിയന്ത്രിക്കുന്ന ചുവടെ പരാമർശിച്ചിട്ടുള്ള ജനറൽ പ്രൊവിഡന്റ് ഫണ്ടിലും മറ്റ് സമാന പ്രൊവിഡന്റ് ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് **01.10.2025** മുതൽ **31.12.2025** വരെയുള്ള കാലയളവിലേക്ക് 7.1% പലിശനിരക്ക് നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1) കേരള സംസ്ഥാന ജനറൽ പ്രൊവിഡന്റ് ഫണ്ട്

2) കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്

3) കേരള എയ്ഡഡ് ഹയർ സെക്കൻററി സ്കൂൾ എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട്

4) കേരള എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ എംപ്ലോയീസ് പ്രൊവിഡൻ്റ്ഫണ്ട്

5) എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട് (വൈദ്യരത്നം ആയുർവ്വേദ കോളേജ്)

6) എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട്(കേരള സംസ്ഥാന ആയുർവേദ പഠന ഗവേഷണ സൊസൈറ്റി )

7) കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട്

8) കേരള പാർട്ട്ടൈം എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട്

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ഗോപകുമാർ വി എസ്**

**ജോയിൻ്റ് സെക്രട്ടറി**

പകർപ്പ്:

1) പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം,
2) പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം.
3) ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
5) രജിസ്ട്രാർ, കേരള ഹൈക്കോർട്ട്, എറണാകുളം.
6) മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
7) അഡ്വക്കേറ്റ് ജനറൽ , കേരളം, എറണാകുളം,
8) സെക്രട്ടറി, കേരള ഗവർണർ.
9) പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ/ ഡെപ്യൂട്ടി സ്പീക്കർ.
10) പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്, തിരുവനന്തപുരം.
11) സ്റ്റാഫ് ഓഫീസർ, ഓഫീസ് ഓഫ് ദി ചീഫ് സെക്രട്ടറി.
12) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം,
13) സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
14) കേരള ലോകായുക്ത രജിസ്ട്രാർ, തിരുവനന്തപുരം.
15) എല്ലാ വകുപ്പു മേധാവികൾക്കും.
16) പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
17) പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം,
18) പേഴ്സണൽ അസിസ്റ്റൻ്റ്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി,
19) നോഡൽ ഓഫീസർ, ധനകാര്യം (ctfmweb@gmail.com)
20) ഓഫീസ് കോപ്പി (E 2816050).

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**